എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം അംഗപരിമിതരെ സ്ഥിരപ്പെടുത്തൽ

252 (944) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലിക ജോലി ചെയ്തിരുന്ന അംഗപരിമിതരെ അവസാനമായി സ്ഥിരപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥിരനിയമനത്തിന് അർഹരായ അംഗപരിമിതരെ നിയമിക്കുന്നതിന് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ എത്രപേരാണ് ;

(സി) യഥാസമയം അപേക്ഷനൽകാൻ കഴിയാതിരുന്നതുമൂലം ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെ വിവരങ്ങൾ ലഭ്യമാണോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് 40/13 സാമൂഹ്യനീതി വകുപ്പ് തീയതി 18-5-2013 പ്രകാരം 16-8-1999 മുതൽ 31-12-2003 വരെ 179 ദിവസം താൽക്കാലിക ജോലി ചെയ്ത അംഗപരിമിതരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) അഡീഷണൽ ലിസ്റ്റ് ഉൾപ്പെടെ 2677 പേർ ഉൾപ്പെട്ടിരുന്നു.

(സി) യഥാസമയം അപേക്ഷ നൽകാൻ കഴിയാത്ത 40-ഓളം പേർ ഉണ്ടായിരുന്നു. അവർ അപേക്ഷ നൽകിയതിൻ പ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തി ജില്ലാ, ടൗൺ എംപ്ലോയ്മെന്റ് ഓഫീസർമാർ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

253 (945) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര ; വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്ത് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുണ്ടായിരിക്കെ തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ നേരിട്ട് നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 31-12-2014 വരെ 3714541 ഉദ്യോഗാർത്ഥികളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

നിരക്ഷരർ	194
എസ്.എസ്.എൽ.സി.-ക്കു താഴെ	400970
എസ്.എസ്.എൽ.സി.	2323612
പ്രീഡിഗ്രി/+2	694202
ബിരുദം	231708
ബിരുദാനന്തര ബിരുദം	63855

(ബി) ഉണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഇ.എം.ഐ. പരിശോധന നടത്തി പ്രസ്തുത ഒഴിവുകളും എംപ്ലോയമെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യാത്തവ കണ്ടെത്തിയിട്ടുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

തൊഴിലില്ലായ്മ വേതനം

254 (946) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതനം ഏത് കാലയളവുവരെ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(ബി) കുടിശ്ശിക എന്ന് നൽകാനാകും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly